

# SSLC MODEL EXAMINATION 2025,

## KERALA PADAVALI ANSWER KEY

**KEY BY :*SURESH AREEKODE* [HST ,Malayalam] GVHSS KIZHUPARAMBA. PH:9562521509**

| | | |
|---|---|---|
| 1 | നൈരാശ്യവും അപകർഷബോധവും | 1 |
| 2 | കാത്ത് , ഇരിക്കുക - കാത്തിരിക്കുക | 1 |
| 3 | വായിക്കാനുള്ള ഇഷ്ടം | 1 |
| 4 | കർഷകരെ | 1 |
| 5 | മകനെ നഷ്ടമായ മറിയത്തിന്റെ ദുഃഖം | 1 |
| 6 | • താപസിയുടെ ശാസനകൾക്ക് ചെവി കൊടുക്കാത്ത സർവ്വധമനന്റെ കുസൃതികൾ.<br>• സിംഹക്കുട്ടിയുമായുള്ള അവന്റെ കളിയിൽ അവൻ ധീരനാണെന്ന് തിരിച്ചറിയുന്നത് | 2 |
| 7 | • ദിവാകരൻ നളിനിയെ തിരിച്ചറിയാത്തതിനാൽ കണ്ണീരൊഴുക്കി നിൽക്കുന്ന നളിനിയുടെ ചുവന്നു തുടുത്ത മുഖം വർണ്ണിക്കുന്നു.<br>• നളിനിയുടെ മുഖത്തെ, പ്രഭാതത്തിൽ വിടരുന്ന പനിനീർ പൂവിനോട്സാദൃശ്യപ്പെടുത്തിയിരിക്കുന്നു.<br>• കവിളിന്റെ ചുവപ്പിനെ പൂവിന്റെ ചുവപ്പിനോടും കണ്ണുനീർ തുള്ളിയെ പനനീർ പൂവിലെ മഞ്ഞുതുള്ളിയോടും സാധിക്കപ്പെടുത്തുന്നതിന്റെ ഔചിത്യം. **[രണ്ടു സൂചന]** | 2 |
| 8 | • യോജിക്കുന്നു. എഴുത്ത് ആത്മാവിൻറെ വെളിപാടാണ്.<br>• ജീവിതാനുഭവങ്ങളിൽ നിന്നുണ്ടാകുന്ന കണ്ടെത്തലുകളാണ് സർഗാത്മകതയുടെ ആധാരം<br>• ചുറ്റുപാടിനെയും സ്വന്തം ജീവിതത്തെയും നിശ്ചിതമായ നിരീക്ഷണത്തിന് വിധേയനാക്കുന്നവനാണ് എഴുത്തുകാരൻ **[രണ്ടു സൂചന]** | 2 |
| 9 | • എഴുത്തച്ഛന്റെ തത്വചിന്ത നിറഞ്ഞ വരികൾ<br>• മനുഷ്യജീവിതത്തിൻറെ ക്ഷണികത ബോധ്യപ്പെടുത്തുന്നു.<br>• മനോഹരമായ ഉപമാലങ്കാരം. പ്രാസഭംഗി ,ശബ്ദഭംഗി , അർത്ഥഭംഗി<br>• വഴിയാത്രക്കാർ പെരുവഴിയമ്പലത്തിൽ ഒത്തുകൂടുന്നതും പലവഴിക്ക് പിരിഞ്ഞു പോകുന്നതും സൂചിപ്പിക്കുന്നു. ഇതുപോലെ മനുഷ്യരും<br>• ഭാര്യയും മക്കളും കുടുംബങ്ങളും ഉൾക്കൊള്ളുന്ന മനുഷ്യജീവിതയാത്രയെ നദിയിലൂടെ ഒഴുകുന്ന തടിക്കഷണങ്ങളുടെ അവസ്ഥയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. | 4 |
| 10 | • നമ്മളോട് കരുതൽ ഉള്ളവർ ഉണ്ടാകുമ്പോൾ ജീവിതം പ്രതീക്ഷയുള്ളതായി മാറും.<br>• തെറ്റിലേക്ക് പോകാതെ ശരിയിലേക്ക് പോകാൻ ഴാങ്ങിനെ പ്രാപ്തനാക്കാൻ മെത്രാന് കഴിയുന്നു.<br>• മെഴുതിരി കാലുകൾ എടുക്കാതിരുന്നത് എന്തുകൊണ്ട് എന്ന് ചോദിച്ച് പോലീസുകാരിൽ നിന്നും രക്ഷിക്കുന്ന മെത്രാന്റെ പ്രവൃത്തി<br>• അരമനയിലെ സാധനങ്ങൾ പാവങ്ങൾക്ക് കൂടി അവകാശപ്പെട്ടതാണ് എന്ന കാഴ്ചപ്പാട് പുലർത്തുന്ന മെത്രാൻ | 4 |

| | | |
|---|---|---|
| | • പാവങ്ങളോടുള്ള പ്രത്യേക പരിഗണനയും,സ്നേഹവും കാരുണ്യവും<br>• മെത്രാന്റെ വാക്കുകളും പ്രവൃത്തികളും ഴാങ് വാൽ ഴാങിൽ മാനസാന്തരമുണ്ടാക്കാൻ പര്യാപ്തം | |
| 11 | • മക്കളെ സംരക്ഷിക്കുന്നതിനും ,അവരോട് കൂട്ടുകൂടുന്നതിനും മേഡം തലത്തിന് കഴിഞ്ഞിരുന്നില്ല<br>• ഭർത്താവു മരിച്ച, തികച്ചും വ്യത്യസ്തമായ ജീവിതത്തിൽ എത്തുന്നു.<br>• മറ്റുള്ളവർക്ക് നൽകേണ്ട പരിഗണന എന്തെന്ന് തിരിച്ചറിവ് ഉണ്ടാകുന്നു<br>• സ്നേഹം കൊടുത്താൽ മാത്രമേ തിരിച്ചുകിട്ടുകയുള്ളൂ എന്നും താൻ ആർക്കും ഒന്നും കൊടുത്തിട്ടില്ല എന്ന് കുറ്റബോധമുള്ള വ്യക്തി<br>• ആരുടെ മുമ്പിലും തലകുനിക്കാത്ത വ്യക്തിത്വം.<br>• ഒറ്റപ്പെട്ട അവസ്ഥയിലും മക്കളുടെ ആശ്രിതയാവാൻ പോലും ആഗ്രഹിക്കാത്ത മനസ്സിനു ഉടമ | 4 |
| 12 | • ജീവിതത്തിൽ എത്ര തന്നെ ദാരിദ്ര്യാവസ്ഥയുണ്ടെങ്കിലും മാനുഷിക മൂല്യങ്ങൾ കൈവെടിയരുത്.<br>• കഷ്ടപ്പാടുകൾക്കിടയിലും മൂല്യവത്തായ ജീവിതം സാധ്യമാണ് എന്ന ഗുണാത്മക സന്ദേശം<br>• പ്രലോഭനങ്ങളെ അതിജീവിക്കൽ.<br>• മൂല്യസംരക്ഷണം നൽകുന്ന ആനന്ദം തിരിച്ചറിയാൻ<br>• ആഗ്രഹങ്ങൾ സഫലമാക്കാൻ മൂല്യങ്ങൾ കൈവിടാതിരിക്കുക എന്ന ഉൾക്കാഴ്ച | 4 |
| 13 | • സാഹിത്യ രചനകൾക്ക് മനുഷ്യ മനസ്സിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും<br>• വൃദ്ധമാതാവിന്റെ അനുഭവത്തെ എസ്.കെ. പൊറ്റക്കാട് വൈകാരികതയോടെ സമീപിച്ചു സ്വാഭാവികതയോടെ വിഷയം ഏറ്റെടുത്ത് അവതരിപ്പിച്ചു<br>• വൃദ്ധയുടെ സങ്കടങ്ങളെ സരസ്വതി വിലാസങ്ങൾ ചേർത്ത് ഹൃദ്യമായ ഭാഷയിൽ ആവിഷ്കരിച്ചു<br>• കത്ത് വായിച്ച മകനിൽ പരിവർത്തനം ഉണ്ടാകുന്നു -ഒരിക്കൽ മണിയോർടർഅയക്കുന്നു മറ്റൊരിക്കൽ അമ്മയെ വന്ന് നേരിട്ട് കാണുന്നു | 4 |
| 14 | • രംഗബോധമില്ലാത്ത കോമാളിയെ പോലെ ചീവീട് എപ്പോഴും ചിലച്ചു കൊണ്ടിരിക്കും<br>• മരണവും രംഗബോധമില്ലാത്ത കോമാളിയാണ്<br>• ചീവീടുകളുടെ ശബ്ദം മനസ്സിന് അസ്വസ്ഥത ഉണ്ടാക്കുന്നതാണ്<br>• ഉള്ളക്കിഴങ്ങ് പാടത്തെ ഒറ്റപ്പെട്ട വീട് ഒരു മരണ വീടായി പരിണമിക്കുന്ന അവസ്ഥ അവതരിപ്പിക്കാൻ പര്യാപ്തം<br>• വൃദ്ധനായ മിറലിന്റെ , മകൻ നഷ്ടപ്പെട്ട സങ്കടം, ജൂലിയാനയുടെ ആധി.<br>• വീട്ടിലെ ഓരോ നിമിഷവും ഇഴഞ്ഞിഴഞ്ഞ് നീങ്ങുന്നതിന്റെ സൂചന.<br>• ഘടികാരത്തുനിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം - രക്തം തുള്ളിതുള്ളിയായി ഇറ്റി വരുന്നതിന്റെ തീവ്രത ജനിപ്പിക്കുന്നു. അപകട / മരണ സൂചന | 4 |
| 15 | • കഥ, കഥാപാത്രപരിചയം<br>• നിസ്സഹായനായ അച്ഛൻ<br>• പാഴുത്തറ ഗ്രാമം, അവിടുത്തെ മനുഷ്യർ, മതസൗഹാർദ്ദം<br>• വെള്ളായിയപ്പനോടുള്ള കരുതൽ ,സ്നേഹം തുടങ്ങിയവ | 6 |

| | | |
|---|---|---|
| | • നിരക്ഷരനാണ് ,സമയബോധമില്ല. ദൂരയാത്ര ശീലമില്ല ,ജയിലിലെ ചിട്ടവട്ടങ്ങൾ അറിയില്ല പലരോടും വഴി ചോദിക്കുന്ന ,പരിഹാസങ്ങൾ ഏറ്റുവാങ്ങുന്ന<br>• ജയിലിൽ എത്തുന്ന സന്ദർശന സമയവും കാത്തിരിപ്പും<br>• പറാവുകാരന് വെള്ളായപ്പനോട് തോന്നുന്ന അലിവ്<br>• കാര്യങ്ങൾ ബോധ്യപ്പെടുന്ന അച്ഛൻ<br>• പേറ്റിച്ചിയെപോലെ സ്വന്തം മകന്റെ മൃതദേഹം ഏറ്റുവാങ്ങുന്ന അച്ഛൻ<br>• മൗനത്തിന്റെ നിലവിളികൾ തീർക്കുന്ന കഥാന്ത്യത്തിലെ കഥാപാത്രം | |
| 16 | • *എഡിറ്റോറിയൽ ഘടന പാലിച്ചിട്ടുണ്ട്*<br>• *തലക്കെട്ട്*<br>• *വിഷയ സൂചനയോട് കൂടിയ ഹൃദ്യമായ തുടക്കം. വളർച്ച , പരിഹാര നിർദ്ദേശങ്ങളോടെ അവസാനിപ്പിക്കൽ*<br>• യുദ്ധത്തിന്റെ പരിണാമം എന്ന പാഠഭാഗം- പ്രധാന ആശയം<br>• മഹാഭാരതയുദ്ധത്തിന്റെ അന്ത്യത്തിൽ സംഭവിക്കുന്ന കൂട്ടക്കുരുതി -ദ്രൗണിയും കൂട്ടരും നടത്തുന്ന ആറും കൊല<br>• പകയും വിദ്വേഷവും വെറുപ്പും വെച്ചു പുലർത്തുന്ന ചെകുത്താന്മാർ.<br>• യുദ്ധം  വിജയിച്ചിട്ടും വിജയം ഒരു പകൽവെളിച്ചത്തിൽ പോലും കാണാൻ കഴിയാതെ പോയ പാണ്ഡവരുടെ ദയനീയ അവസ്ഥ.<br>• യുദ്ധം സർവ്വവിനാശകമാണ്<br>• വൈധവ്യം,വൈകല്യം,അനാഥത്വം, അഭയാർത്ഥി പ്രവാഹം- യുദ്ധത്തിെ ബാക്കിപത്രങ്ങൾ<br>• ഇസ്രയേൽ -പാലസ്തീൻ യുദ്ധം<br>• ആയുധക്കച്ചവടങ്ങൾ -യുദ്ധക്കൊതിയന്മാരായ രാഷ്ട്രതലവന്മാർ<br>• യുദ്ധത്തിന്റെ ഇരകൾ , നഷ്ടങ്ങൾ, സംസ്കാരത്തിൻറെ പുന:സൃഷ്ടി നേരിടുന്ന വെല്ലുവിളികൾ<br>• യുദ്ധങ്ങൾ തീർക്കുന്നത് അശാന്തിപർവങ്ങൾ ആണെന്ന തിരിച്ചറിവ് ഉണ്ടാകേണ്ടത് കാലത്തിന്റെ ആവശ്യം<br>• മാനവികതയുടെ ആണിക്കല്ലിൽ ലോകസമാധാനം പടുത്തുയർത്തേണ്ടതിെ ആവശ്യകത. | 6 |
| 17 | • തലക്കെട്ട്<br>• കവിത,കവിപരിചയം<br>• പ്രധാന ആശയം കണ്ടെത്തിയിട്ടുണ്ട്<br>• ആസ്വാദനനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്<br>• സവിശേഷപ്രയോഗങ്ങൾ,ശബ്ദഭംഗി,കാലിക പ്രസക്തി എന്നിവ കണ്ടെത്തിയിട്ടുണ്ട്<br>• ലളിതമായ ഭാഷയിലുള്ള അവതരണം<br>***[വേനൽക്കുളിരിന്റെ മഹത്വം വിളിച്ചു പറയുന്ന കവിത. പ്രകൃതിയുടെ പരിവർത്തനം.നാശം . കാലാവസ്ഥാമാറ്റം . ആധുനികവൽക്കരണം എന്നിവ വരുത്തി വയ്ക്കുന്ന മാറ്റങ്ങൾ. പഴയകാല ഗ്രാമീണ സൗന്ദര്യങ്ങളിൽ അഭിരമിക്കുന്ന കവി. പഴയ കാര്യങ്ങളെ പുതിയ മാറ്റങ്ങളോട് ഉപമിച്ച് സമാശ്വസിക്കുന്നത് ]*** | 6 |